# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3797 — 15.05.2017 ൽ മറുപടിയ്ക്ക്

## കെട്ടിട നികുതി ഒറ്റത്തവണയായി പിരിച്ചെടുക്കുന്നതിന് സംവിധാനം

| ചോദ്യം<br>**ശ്രീ.പി.വി.അൻവർ** | | ഉത്തരം<br>**ശ്രീ. ഇ.ചന്ദ്രശേഖരൻ**<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെട്ടിട നികുതിയിനത്തിൽ വില്ലേജ് ഓഫീസ് മുഖേന ഒടുക്കേണ്ട ഒറ്റത്തവണ നികുതിയിനത്തിൽ എത്ര രൂപ സർക്കാരിന് പിരിച്ചെടുക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) | 2016-17 സാമ്പത്തിക വർഷം ഒറ്റത്തവണ കെട്ടിട നികുതിയിനത്തിൽ 160.51 കോടി രൂപ പിരിവ് വന്നിട്ടുണ്ട്. സംസ്ഥാനത്ത് ഒറ്റത്തവണ കെട്ടിട നികുതിയിനത്തിൽ 2017 മാർച്ച് മാസത്തിൽ 3.75 കോടി രൂപ പിരിക്കുവാൻ ബാക്കിയുള്ളതാണ്. |
| (ബി) | ഈ ഒറ്റത്തവണ നികുതി പിരിച്ചെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീട്ടുനമ്പർ നൽകുന്ന സമയത്തുതന്നെ റവന്യൂ വകുപ്പിലും നികുതി ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിയ്ക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് (7) പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി, കെട്ടിടത്തിന് നമ്പർ അനുവദിയ്ക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് 09.07.15 ലെ സ.ഉ (എം.എസ്) നം.231/15/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. |

Ras Lulas

**സെക്ഷൻ ഓഫീസർ**